## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ഡയറക്ടർ ശ്രീ.ഡി.സാങ്കിക്ക് പ്രത്യേക ആകസ്മിക അവധി അനുവദിച്ചും ഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയും ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെ ചുമതലയും ശ്രീമതി സാലമ്മ ബസേലിയോസിന് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ.(സാധാ)നം.6621/2021/ധന. തിരുവനന്തപുരം, തീയതി 08/10/2021

---

പരാമർശം:- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24/09/2021 -ലെ ഡി.കെ.എസ്.എ.1/എസ്റ്റാ.1/2021-നമ്പർ കത്ത്.

2. 06/11/2019 തീയതിയിലെ സ.ഉ.(അച്ചടി) നം.153/2019/ധന.

### ഉത്തരവ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രീ ഡി സാങ്കി ആൻജിയോപ്ലാസ്റ്റിയ്ക്ക് വിധേയനാകുന്ന സാഹചര്യത്തിൽ സർക്കാർ ജീവനക്കാർക്ക് അർഹമായ പ്രത്യേക ആകസ്മിക അവധി 22/09/2021 മുതൽ 30 ദിവസത്തേക്ക് അനുവദിക്കണമെന്നും, ഡയറക്ടറുടെ ചാർജ്ജ് ടി ഓഫീസിലെ ഏറ്റവും സീനിയറായ ജോയിന്റ് ഡയറക്ടർ ശ്രീമതി സാലമ്മ ബസേലിയോസിന് കൈമാറിയിട്ടുള്ളതായും അറിയിച്ചുകൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ & ട്രഷറർ ഓഫ് ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ പൂർണ്ണ ചുമതല നൽകുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്ന് സൂചന 1 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രീ. ഡി. സാങ്കി ആൻജിയോപ്ലാസ്റ്റിയ്ക്ക് വിധേയനായ സാഹചര്യത്തിൽ ടി ചികിത്സയ്ക്ക് സർക്കാർ ജീവനക്കാർക്ക് പരാമർശം 2 ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 30 ദിവസത്തെ പ്രത്യേക ആകസ്മിക അവധി അനുവദിക്കുന്നതിനോടൊപ്പം ഈ കാലയളവിലെ ഡയറക്ടറുടെയും ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെയും പൂർണ്ണ അധികചുമതല ടി ഓഫീസിലെ ഏറ്റവും സീനിയറായ ജോയിന്റ് ഡയറക്ടർ ശ്രീമതി സാലമ്മ ബസേലിയോസിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി. ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ്, ഫയൽ നം. എസ്റ്റാ.ഡി1/79/2021-ധന (ഇ-1869225)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ